എം.പി(3)2270/2020

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 06.05.2020.

**സർക്കുലർ നമ്പർ 48/2020**

സർ,

വിഷയം:- സഹകരണ വകുപ്പ് - മാർക്കറ്റിംഗ് - റെയ്ഡ്കോയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങളുടെ ഓഹരി പങ്കാളിത്തം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സഹകരണ സംഘം രജിസ്ട്രാറുടെ 10.11.2006 ലെ 51/06-)ം നമ്പർ സർക്കുലർ.
2) ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 21.01.2020 ന് കൂടിയ യോഗ തീരുമാനം.
3) 31.01.2020 ലെ റെയ്ഡ്കോ ഭരണസമിതി യോഗത്തിലെ 15-)ം നമ്പർ തീരുമാനം.
4) റെയ്ഡ്കോ മാനേജിംഗ് ഡയറക്ടറുടെ 03.02.2020 ലെ ജി1/ബി/എം/10-16/2019-20 നമ്പർ അപേക്ഷ.
5) കണ്ണൂർ ജോയിന്റ് രജിസ്ട്രാർ(ജനറൽ) ന്റെ 19.03.2020 ലെ 1531/2020/HM നമ്പർ കത്ത്.

റീജിയണൽ അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിററഡ് നമ്പർ സി.361 (റെയ്ഡ്കോ കേരള) ന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിലേക്ക് ഓഹരി മൂലധനം വർദ്ധിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾക്ക് ടി സംഘത്തിൽ നിന്നും ഓഹരി എടുക്കുന്നതിന് അനുമതി നൽകിക്കൊണ്ട് സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റെയ്ഡ്കോയിലുള്ള സംഘങ്ങളുടെ ഓഹരി കൂട്ടുന്നതിന് സഹകരണ സംഘം രജിസ്ട്രാറുടെ സൂചന (1) സർക്കുലർ പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് തീരുമാനിച്ചിരുന്നു. കർഷകർക്ക് ഗുണമേൻമയുള്ള കാർഷിക യന്ത്രോപകരണങ്ങൾ മിതമായ നിരക്കിൽ വിതരണം നടത്തുകയാണ് ഫെഡറൽ സംഘമായി പ്രവർത്തിക്കുന്ന റെയ്ഡ്കോയുടെ പ്രധാന പ്രവർത്തനം. കൂടാതെ കണ്ണൂർ ജില്ലയിലെ മാവിലായിയിൽ ഒരു കറി പൗഡർ ഫാക്ടറിയും മട്ടന്നൂരിൽ ഫ്രൂട്ട് കാനിംഗ് യൂണിറ്റും പ്രവർത്തിച്ച് വരുന്നു. ഇപ്രകാരം കാർഷിക/കാർഷിക അനുബന്ധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ശ്രദ്ധേയമായ ഒരു സഹകരണ സ്ഥാപനമാണ് റെയ്ഡ്കോ.

1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാറുടെ പൊതുവായോ പ്രത്യേകമായോ ഉള്ള ഉത്തരവ് പ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണ്. സൂചന (1) ലെ സർക്കുലർ നിർദ്ദേശം പുതുക്കി നൽകുന്നതിന് സൂചന (3) പ്രകാരം സംഘം ഭരണസമിതി തീരുമാനമെടുത്ത് സൂചന (4) പ്രകാരം അപേക്ഷിച്ചിരിക്കുന്നു. ടി അപേക്ഷ സൂചന (5) പ്രകാരം കണ്ണൂർ ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിരിക്കുന്നു.

മേൽ തീരുമാനത്തിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ സൂചന (1) ലെ സർക്കുലർ ചുവടെ ചേർക്കും പ്രകാരം പുതുക്കി നിർദ്ദേശം പുറപ്പെടുവിക്കുന്നു. റീജിയണൽ

അഗ്രോ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് ഓഫ് കേരള ലിമിറ്റഡ് നമ്പർ സി.361 (റെയ്ഡ്കോ കേരള) ന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഓഹരി മൂലധനം സമാഹരിക്കുന്നതിലേക്ക് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ളതും ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്തതുമായ എല്ലാ സഹകരണ സംഘങ്ങൾക്കും അവയുടെ പൊതുഫണ്ട് ഉപയോഗിച്ചും റെയ്ഡ്കോയുടെ ഓഹരി എടുക്കുന്നതിന് അനുവാദം നൽകുന്നു. ഇതിലേക്കായി ബൈലാ ഭേദഗതി ആവശ്യമുള്ള സഹകരണ സ്ഥാപനങ്ങൾ ആയത് അംഗീകരിച്ച് വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
അലക്സാണ്ടർ.ഐ.എ.എസ്സ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:

1. മാനേജിംഗ് ഡയറക്ടർ(റെയ്ഡ്കോ)
2. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്
3. എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ
4. സ്റ്റോക്ക് ഫയൽ/സ്പെയർ
5. വെബ് സൈറ്റ്.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ(എസ്.സി.റ്റി&പി.റ്റി)